**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3830** **27-10-2021 - ൽ മറുപടിയ്ക്ക്**

**പോക്സോ കോടതികളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോക്സോ കോടതികളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോർട്ട്, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും ഓരോ അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട് 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. (കോടതികളുടെ പേര് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.) |
| (ബി) | പ്രസ്തുത കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പോക്സോ കോടതികളിൽ തീർപ്പാകാനുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു. തിരുവനന്തപുരം - 1474 കൊല്ലം - 710 പത്തനംതിട്ട - 351 ആലപ്പുഴ - 532 കോട്ടയം - 479 ഇടുക്കി - 573 എറണാകുളം - 711 തൃശ്ശൂർ - 1196 പാലക്കാട് - 635 മലപ്പുറം - 1310 കോഴിക്കോട് - 608 വയനാട് - 284 കണ്ണൂർ - 841 കാസർകോട് - 483 ആകെ - 10187 |
| (സി) | തീരുമാനമാകാതെ കിടക്കുന്ന കേസുകളുടെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | പോക്സോ കേസുകൾ നിരന്തരം നിരീക്ഷിക്കുന്നതിനായുള്ള ജഡ്ജസ് കമ്മിറ്റി ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ പതിവായി വിലയിരുത്തുകയും ഫലപ്രദമായ തീർപ്പാക്കലിന് ആവശ്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകുകയും ചെയ്യുന്നതായും, പ്രസ്തുത കേസുകൾ ഫയൽ ചെയ്യൽ, തീർപ്പാക്കൽ, തീർപ്പാക്കാനുള്ള കേസുകളുടെ വിവര ശേഖരണം എന്നിവ ജുഡീഷ്യൽ |

| | | | |
|---|---|---|---|
| | | | ജില്ലകളുടെ ഭരണച്ചുമതലയുള്ള ജഡ്ജി നിരന്തരം നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതായും ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് 28 ഫ്ലാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോടതികളുടെ പ്രവർത്തനം മൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ